**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

22-05-2021

## കാർഷികമേഖലാവാർത്തകൾ

1. **കെപ്കോ ഇന്റഗ്രേഷൻ ഫാമുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.**

കേരള പോൾട്രി വികസന കോർപ്പറേഷൻ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലെ കർഷകരിൽ നിന്നും ഇന്റഗ്രേഷൻ ഫാമുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു. ഒരു ദിവസം പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, മരുന്ന് എന്നിവ നൽകി 45 ദിവസം പ്രായമാകുമ്പോൾ തിരിച്ചെടുക്കുന്നതാണ് പദ്ധതി. മാനേജിങ്ങ് ഡയക്ടർ , കേരള പോൾട്രി വികസന കോർപ്പറേഷൻ, പേട്ട ,തിരുവനന്തപുരം, പിൻകോട്- 695024 എന്ന മേൽവിലാസത്തിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ടുന്ന നമ്പർ **9495000934**

**ഓൺലൈൻ പരിശീലനങ്ങൾ**

2. **റബ്ബർമേഖലയിലെ** സംരംഭകത്വവികസനത്തിനായി റബ്ബർബോർഡ് **മെയ് 25-ന്** ഏകദിന ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലന സമയം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആയിരിക്കും. ഷീറ്റുറബ്ബർനിർമ്മാണം, റബ്ബർപാലിൽനിന്നും ഉണക്കറബ്ബറിൽനിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിലെ സംരംഭകത്വസാധ്യതകളാണ് പരിശീലന വിഷയം. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127**എന്ന ഫോൺ നമ്പറിലും **04812353201** എന്ന വാട്സ്ആപ് നമ്പറിലും ബന്ധപ്പെടാം. ഇ-മെയിൽ: training@rubberboard.org.in

3. **തിരുവനന്തപുരം ക്ഷീരപരിശീലന കേന്ദ്രം** 'മൂല്യവർദ്ധിത ക്ഷീര ഉൽപ്പന്നങ്ങൾ' എന്ന വിഷയത്തിൽ മേയ് മാസം 27 ന് ഗൂഗിൾ മീറ്റ് മുഖാന്തിരം പരിശീലനം നൽകുന്നു. താൽപര്യമുള്ളവർ **മേയ് 25 ന്** വൈകിട്ട് അഞ്ച് മണിക്ക് മുമ്പായിdtctvm99@gmail.comഎന്ന വിലാസത്തിൽ പേര്, വിലാസം, വാട്സ്ആപ്പ് നമ്പർ എന്നിവ നൽകി രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾ അറിയിക്കുന്നു.

4. **തിരുവനന്തപുരം** വെള്ളനാട്മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നും ഇന്ന്(22-05-2021 ന്) 'കൃഷിച്ചിലവ് നിയന്ത്രിക്കാൻ കാർഷിക യന്ത്രവൽക്കരണം' എന്നവിഷയത്തിൽ അഗ്രികൾച്ചറൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എൻജിനീയറിങ് സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ് ശ്രീമതി ചിത്ര ജി ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ 9400288040

5. **കൊല്ലം** സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (22-05-2021 ന്) 'കൃഷിയിലെ കീടങ്ങളെ ജൈവീകമായി നേരിടാം' എന്ന വിഷയത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ഡോ ലേഖ ഫേസ്ബുക്ക് ലൈവിലൂടെ ഓൺലൈൻ പരിശീലനം നൽകുന്നു. 'കൃഷിവിജ്ഞാൻകേന്ദ്രകൊല്ലം' എന്ന് ഫേസ് ബുക്ക് പേജിൽ ഈ പരിശീലനങ്ങൾ കർഷകർക്ക് ലൈവായി വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9447525264 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. **കേരള വെറ്ററിനറി സർവകലാശാല 'മൃഗസംരക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ'** ആധാരമാക്കി കർഷകോൻമുഖവിദഗ്ദ്ധഭാഷണ പരമ്പരയ്ക്ക് **മേയ് മാസം 24 മുതൽ** തുടക്കം കുറിയ്ക്കുന്നു. പതിനഞ്ച് ദിവസം തുടർച്ചയായി ഉച്ചകഴിഞ്ഞ് 2.30 ന് തുടങ്ങുന്ന പ്രസ്തുത ഭാഷണ പരമ്പരയിൽ കർഷകരുടെ സംശയദൂരീകരണത്തിനായുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾക്കായി ഫോൺ കാളിലൂടെയോ വാട്സ്ആപ്പിലൂടെയോ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**9446625160 / 9895213500**

7. **ഓൺലൈൻ ഹെൽപ്പ് ഡസ്ക്**

**കോഴിക്കോട്** ജില്ലയിലെ കാർഷിക വിജ്ഞാന വിപണനകേന്ദ്രം വേങ്ങേരിയിൽ കർഷകരുടെ സംശയനിവാണത്തിനായി ഓൺലൈൻ ഹെൽപ്പ് ഡെസ്ക് പ്രവർത്തനമാരംഭിച്ചു. എല്ലാ ദിവസവും രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ കർഷകർക്ക് സംശയദൂരീകരണം ലഭിക്കുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ ഇനി പറയുന്നു.

ഡോ അപർണാ രാധാകൃഷ്ണൻ - 8468990086 / ഷിജ്നി ഇ എം - 9846692616

8. **വിള പരിപാലന നിർദ്ദേശങ്ങൾ - നെൽകർഷകരുടെ ശ്രദ്ധയ്ക്ക്**

വിരിപ്പ കൃഷി ചെയ്യുന്ന ഇടങ്ങളിൽ പ്രധാനമായി ഉണ്ടാകുന്ന രോഗങ്ങളാണ് പോള അഴുകൽ. ധാരാളം ജൈവവളം, വേപ്പിൻ പിണ്ണാക്ക്, മിതമായ നൈട്രജൻ വളങ്ങളുടെ ഉപയോഗം, പൊട്ടാഷ് ലഭ്യത എന്നിവ രോഗത്തിന്റെ കാഠിന്യം കുറയ്ക്കുംകീടങ്ങളിൽ പ്രധാനികളായ ഓലചുരുട്ടി ., തണ്ടുതുരപ്പൻ എന്നിവയുടെ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

---

ആക്രമണമാണ് വിരിപ്പ് കൃഷി ചെയ്യുന്ന ഇടങ്ങളിൽ കാണാറുള്ളത്ഇവയ്ക്കെതിരെ ഫലപ്രദമായി . ഉപയോഗിക്കാവുന്നതാണ് ട്രൈക്കോഗ്രാമയുടെ മുട്ട കാർഡുകൾ മുട്ട കാർഡുകൾ നെല്ല് വിതച്ച .25 ദിവസങ്ങൾക്കുശേഷം ഏക്കറിന് 2 cc എന്ന തോതിൽ കൃഷിയിടങ്ങളിൽ ഉപയോഗിക്കാം. ഇപ്രകാരം 10 ദിവസം ഇടവിട്ട് നാലു മുതൽ അഞ്ച് പ്രാവശ്യം ആവർത്തിക്കുകകാർഡുകൾ വെക്കുമ്പോൾ മഴ നനയാതെ . പ്ലാസ്റ്റിക് കപ്പുകളിൽ വയ്ക്കുവാൻ ശ്രദ്ധിക്കണം.